കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.128/2019/തസ്വഭവ *തിരുവനന്തപുരം, തീയതി 14/10/2019*

---

*പരാമർശം:*
1. സ.ഉ.(സാധാ)നം.1376/2012/തസ്വഭവ തീയതി 17.05.12
2. പന്തളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03/08/2012-ലെ 3(1)-ാം നമ്പർ തീരുമാനം.
3. പന്തളം നഗരസഭ കൗൺസിലിന്റെ 17/03/2017-ലെ IX (22)-ാം നമ്പർ തീരുമാനം.
4. പന്തളം നഗരസഭ കൗൺസിലിന്റെ 07/03/2019-ലെ 1-ാം നമ്പർ തീരുമാനം
5. മുഖ്യനഗരാസൂത്രകന്റെ 02/08/19-ലെ എഫ്/7626/12 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പന്തളം ടൗൺ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണ വകുപ്പിന് ലഭിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം പന്തളം ഗ്രാമ പഞ്ചായത്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിരുന്നു. 2015-ൽ പന്തളം ഗ്രാമ പഞ്ചായത്ത് നഗരസഭയായി അപ്ഗ്രേഡ് ചെയ്യപ്പെടുകയും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കാൻ പരാമർശം (3)-ലെ നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും അപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും പ്രസിദ്ധീകരണാനുമതിക്കുമായി സമർപ്പിക്കുന്നതിനും പരാമർശം (4) പ്രകാരം തീരുമാനമായി.

(2) പന്തളം ടൗൺ മാസ്റ്റർ പ്ലാനിന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതി ഉണ്ടെന്നും അതിനാൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പന്തളം ടൗൺ മാസ്റ്റർ പ്ലാനിന് 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി.
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, പന്തളം നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, പത്തനംതിട്ട (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.